(സി) ഇല്ല. പദ്ധതിക്കാവശ്യമായ നിയമനങ്ങൾ, പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ എന്നിവ പൂർത്തിയാകാത്തതിനാലാണ് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങുവാൻ കഴിയാത്തത്.

(ഡി) പദ്ധതി പ്രകാരം 178 പേർക്ക് തൊഴിൽ നൽകുവാൻ കഴിയും. നിലവിൽ 5 പേരാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്.

(ഇ) നിയമന പ്രക്രിയയുടെയും വ്യവസ്ഥകളുടെയും നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ടും നിയമന നടപടികളിൽ പങ്കെടുക്കുന്നതിന് അർഹമായ അവസരം ലഭിച്ചില്ലെന്ന് ആരോപിച്ചുകൊണ്ടും വിവിധ കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിഗണനയ്ക്കുവന്ന സാഹചര്യത്തിൽ സർക്കാർ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ (കെ.എസ്.പി.സി.) മുഖാന്തരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുകയുണ്ടായി. പുതിയ നിയമന നടപടികൾ സ്വീകരിച്ച് പുതിയ റാങ്ക് ലിസ്റ്റ് റിയാബിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കണമെന്ന് വിവക്ഷിച്ചിരുന്നു. റിയാബിന്റെ മേൽനോട്ടത്തിൽ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ നടപടി തുടങ്ങിവച്ചിരുന്നെങ്കിലും ആയത് പൂർത്തിയായിട്ടില്ല. ഇതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(എഫ്) 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. എന്നാൽ പദ്ധതി ചെലവ് കൂടിയതിനാൽ പുതിയ അടങ്കൽ തുകയായ 21.09 കോടി രൂപയുള്ള പുതുക്കിയ ഭരണാനുമതി 23-6-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 86/2015/വ്യവ പ്രകാരം നൽകിയിട്ടുണ്ട്. പുതിയ അടങ്കൽ തുകയ്ക്കുള്ള വിശദമായ പദ്ധതി രൂപ രേഖ ഉണ്ടാക്കുന്നതിനായുള്ള നടപടികൾ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതി

199 (566) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി (എൽ.എൻ.ജി.) നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നത് വല്ലാർപാടം ടെർമിനലിന്റെ വികസനത്തെ ഏതെല്ലാം തരത്തിലാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തിന്റെ ഇടപെടൽ കാര്യക്ഷമമല്ലെന്ന് കേന്ദ്രം ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) പദ്ധതി നടത്തിപ്പ് കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എൽ.എൻ.ജി. പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിന് 2012-ൽ ഗെയിൽ കരാറുകാരെ നിശ്ചയിക്കുകയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുകയെ സംബന്ധിച്ചുള്ള തർക്കവും പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ച് ജനങ്ങളുടെ ആശങ്കയും നിമിത്തം പല ജില്ലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വരികയും പദ്ധതി താൽക്കാലികമായി സ്തംഭനാവസ്ഥയിലാവുകയും ചെയ്തു. തന്മൂലം നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകൾ റദ്ദാക്കേണ്ട അവസ്ഥ സംജാതമാവുകയും പദ്ധതിക്ക് കാലതാമസം നേരിടുകയും ചെയ്തു.

(ബി) പൈപ്പ്ലൈൻ ശൃംഖലവഴിയുള്ള ഗ്യാസ് വിതരണം കൊച്ചി മേഖലയിൽ മാത്രമായി പരിമിതപ്പെട്ടതുമൂലം എൽ.എൻ.ജി. ടെർമിനൽ 10 ശതമാനത്തിൽ താഴെ മാത്രം anchor load-ലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇത് എൽ.എൻ.ജി. ടെർമിനലിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാകുന്നതോടുകൂടി എൽ.എൻ.ജി. ടെർമിനലിന് അതിന്റെ പൂർണ്ണ പ്രവർത്തനക്ഷമത കൈവരിക്കുവാൻ കഴിയുന്നതാണ്.

(സി) ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഗ്യാസ് പൈപ്പ്ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉന്നതാധികാര സമിതി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും സബ്കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഗെയിലും 7 ജില്ലകളിലും നോഡൽ ഓഫീസർമാരെ നിമയിച്ചിട്ടുണ്ട്. ഗെയിലും സംസ്ഥാന റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് എല്ലാ ജില്ലകളിലും പദ്ധതി പുനരാരംഭിക്കുന്നതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഉന്നതാധികാര സമിതി നിരന്തരം വിലയിരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly